പതിനാലാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3316 — 13.03.2017-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി. ബസുകളുടെ ഇന്ധനക്ഷമത

| ചോദ്യം<br>ശ്രീ. വി.എസ്. ശിവകുമാർ | | ഉത്തരം<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സിക്ക് എത്ര ബസുകളാണ് നിലവിലുള്ളതെന്നും, ഇവയിൽ എത്ര ബസുകളാണ് സർവ്വീസ് നടത്തുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | കെ.എസ്.ആർ.ടി.സിക്ക് നിലവിൽ 5824 ബസുകളും കെ.യു.ആർ.ടി.സിക്ക് 667 ബസുകളുമാണുള്ളത്. ഇതിൽ 06/03/2017-ൽ കെ.എസ്.ആർ.ടി.സിയുടെ 4734 ബസുകളും കെ.യു.ആർ.ടി.സി.യുടെ 426 ബസുകളും സർവീസ് നടത്തിയിട്ടുണ്ട്. |
| (ബി) | കെ.എസ്.ആർ.ടി.സി. ബസുകളുടെ ശരാശരി ഇന്ധനക്ഷമത വ്യക്തമാക്കാമോ; ഇന്ധനക്ഷമത വർദ്ധിപ്പിക്കുന്നതിന് ശാസ്ത്രീയ പഠനങ്ങൾ നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ നടത്താനുദ്ദേശ്യമുണ്ടോ; | (ബി) | നിലവിൽ കെ.എസ്.ആർ.ടി.സി. ബസുകളുടെ ശരാശരി ഇന്ധനക്ഷമത 4.15ഉം കെ.യു.ആർ.ടി.സിയുടേത് 3.06ഉം ആണ്. ഇന്ധന ക്ഷമത വർദ്ധിപ്പിക്കുന്നതിനായി കെ.എസ്.ആർ.ടി.സി. സ്റ്റാഫ് ട്രെയിനിംഗ് സെന്ററുകൾ കേന്ദ്രീകരിച്ച് പരിശീലന പരിപാടികൾ നടത്തി വരുന്നു. ഇതു കൂടാതെ Fuel Cell വീണ്ടും രൂപീകരിച്ച് കേരളം ഒട്ടാകെ ഡ്രൈവർമാർക്കും മെക്കാനിക്കുകൾക്കും പരീശീലനം നടത്തിവരുന്നു. ഇതു കൂടാതെ Fuel card നടപ്പിലാക്കുകയും ഇതു പ്രകാരം ഡ്രൈവർമാരെ ബോധബത്കരിക്കുകയും ഉയർന്ന കെ.എം.പി.എൽ കൈവരിക്കുന്ന ഡ്രൈവർമാർക്ക് പ്രോത്സാഹനമായി പ്രതിദിന ഇൻസെന്റീവായി 100/- രൂപ നല്കുകയും ചെയ്തു വരുന്നു. Petroleum Conservation Research Association-ന്റെ (PCRA) ആഭിമുഖ്യത്തിലും വാഹന നിർമ്മാത്താക്കളായ അശോക് ലൈലാന്റ്, ടാറ്റാ മോട്ടേഴ്സ്, വി.ഇ. കോമേഴ്സ്യൽ വെഹിക്കിൾസ്, വോൾവോ, സ്കാനിയ എന്നിവയുടെ സഹകരണത്തോടെയും പരിശീലനം നല്കിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ